**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5372** **15-03-2023 - ൽ മറുപടിയ്ക്ക്**

**പഠനം മുടങ്ങിയ വനിതകൾക്ക് പഠനം പുനരാരംഭിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജ് പഠനം മുടങ്ങിയ വനിതകൾക്ക് പഠനം പുനരാരംഭിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | കോളേജ് പഠനം മുടങ്ങിയ വനിതകൾക്ക് മാത്രമായി പഠനം പുനരാരംഭിക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നിരുന്നാലും പഠനം മുടങ്ങിയ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് സർവകലാശാലാ നിയമങ്ങളനുസരിച്ച് പുന:പ്രവേശനം നേടുന്നതിന് അനുമതി നൽകാറുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ അതത് സ്ഥാപനങ്ങളിൽ അനുവർത്തിച്ചുവരുന്ന കരിക്കുലം റിവിഷൻ പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള കാലയളവിനുള്ളിൽ പുന:പ്രവേശനം നേടുന്നതിനുള്ള അവസരം നിലവിലുണ്ട്. അതത് പ്രോഗ്രാമുകളുടെ കരിക്കുലം www.sitttrkerala.ac.in എന്ന വെബ്സൈറ്റിൽ നിലവിൽ ലഭ്യമാണ്. |
| (ബി) | ഇയർ ഗ്യാപ് ഉള്ള വിദ്യാർത്ഥിനികൾക്ക് പഠനം തുടരുന്നതിനായി എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അതിനായി സർവകലാശാല നിയമങ്ങൾ പരിഷ്കരിക്കുമോ; | (ബി) | ഇയർ ഗ്യാപ് ഉള്ള വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് സർവകലാശാലാ നിയമങ്ങളനുസരിച്ച് പുന:പ്രവേശനം നേടി പഠനം തുടരാവുന്നതാണ്. |
| (സി) | പഠനം മുടങ്ങിയ വിദ്യാർത്ഥിനികളെ പുന:പ്രവേശിപ്പിക്കുന്നതിന് വേണ്ടി കോളേജുകളിൽ അഡീഷണൽ സീറ്റുകൾ അനുവദിക്കുന്നത് പരിഗണിക്കുമോ; | (സി) | പഠനം മുടങ്ങിയ വിദ്യാർത്ഥികൾക്ക് അതേ പ്രോഗ്രാമിലേക്ക് പുന:പ്രവേശനം അനുവദിക്കുന്നതിന് സീറ്റുകളുടെ എണ്ണം പരിഗണിക്കാറില്ല. ആയതിനാൽ ഈ വിഷയത്തിൽ അഡീഷണൽ സീറ്റുകൾ അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ ഇൻടേക്ക്/ മൊത്തം സീറ്റുകൾ അനുവദിക്കാൻ കഴിയൂ. നിലവിൽ കോളേജ് പഠനം മുടങ്ങിയ വിദ്യാർത്ഥിനികളെ പുന:പ്രവേശിപ്പിക്കുന്നതിന് അധിക സീറ്റുകൾ അനുവദിച്ചിട്ടില്ല. |
| (ഡി) | പുന:പ്രവേശനം നേടുമ്പോൾ സിലബസ് മാറ്റം മൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ | (ഡി) | പുന:പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ ക്ലാസുകൾ നൽകുന്ന വിഷയം |

| | | | |
|---|---|---|---|
| | വിദ്യാർത്ഥിനികൾക്കായി ഓറിയന്റേഷൻ ക്ലാസുകൾ നൽകുന്നത് പരിഗണിക്കാമോ? | | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ